പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4484 — 28.06.2012-ൽ മറുപടിക്ക്

# കണ്ണൂർ ബൈപ്പാസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. നാരായണൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ). നിർദ്ദിഷ്ട കണ്ണൂർ ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് പറയാമോ; | (എ). 18.38 കി.മീ. നീളത്തിലുള്ള നിർദ്ദിഷ്ട കണ്ണൂർ ബൈപ്പാസ്, വളപ്പട്ടണം പാലത്തിനു സമീപം കി.മീ. 148.250-ൽ തുടങ്ങി കി.മീ. 166.625-ൽ മുഴപ്പിലങ്ങാട് അവസാനിക്കുന്നതാണ്. ഇതിന് സ്ഥലമേറ്റെടുക്കുന്നതിനായി എൻ.എച്ച് ആക്റ്റ് അനുസരിച്ച് 3 എ(1) നോട്ടിഫിക്കേഷൻ 08.12.2011-ൽ പ്രസിദ്ധീകരിക്കുകയും ഡിമാർക്കേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഏഴ് വില്ലേജുകളിലെ സബ് ഡിവിഷൻ സർവ്വേ പൂർത്തിയാക്കി 3 ഡി. നോട്ടിഫിക്കേഷനുള്ള നടപടികൾ പുരോഗമിക്കുന്നു. ഡിനോവ പ്രക്രിയ ഉണ്ടാകാതിരിക്കാൻ 3 ഡി. നോട്ടിഫിക്കേഷൻ 08.12.2012-നു മുമ്പായി പ്രസിദ്ധീകരിക്കേണ്ടതുണ്ട്. |
| (ബി). എങ്കിൽ ഇതിന്റെ പ്രവൃത്തി എന്ന് തുടങ്ങുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (ബി). ഈ ബൈപ്പാസിന്റെ നിർമ്മാണം എൻ.എച്ച്.17 കണ്ണൂർ(148.000 കി.മീ.) മുതൽ വെങ്ങളം(230.000 കി.മീ.) വരെ നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ എൻ.എച്ച്.17-ന്റെ വികസനത്തിനായി സ്ഥലമേറ്റെടുപ്പ് പൂർത്തിയാകാത്തതിനാൽ പണി തുടങ്ങിയിട്ടില്ല. സ്ഥലമേറ്റെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് പണി തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ